പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2782 | 17.10.2016 ൽ മറുപടി<br>നല്കേണ്ടത്. |

**<u>പഴം-പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ലാബുകൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴം-പച്ചക്കറികളിലെ വിഷാംശം പരിശോധിക്കാൻ അതിർത്തി ചെക്ക് പോസ്റ്റുകൾക്ക് സമീപം എത്ര ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്; | എ)<br>ബി) | അതിർത്തി ചെക്ക് പോസ്റ്റുകൾക്ക് സമീപം ലാബുകൾ സ്ഥാപിച്ചിട്ടില്ല. |
| ബി) | ഏതെല്ലാം സ്ഥലങ്ങളിലാണ് ചെക്ക് പോസ്റ്റുകൾക്ക് സമീപം ലാബ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ; | | |
| സി) | പഴം-പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | സി) | അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഭക്ഷ്യവിഭവങ്ങളിലെ മായവും വിഷാംശവും കണ്ടുപിടിക്കുവാൻ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിൽ 4 ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.<br>1. ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി തിരുവനന്തപുരം.<br>2. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി. കാക്കനാട്, എറണാകുളം,<br>3. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി. കോഴിക്കോട്.<br>4. ഡിസ്ട്രിക് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി,പത്തനംതിട്ട.<br>തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടുമുള്ള ലാബുകളിൽ ഭക്ഷ്യപദാർത്ഥ |

| | | | |
|---|---|---|---|
| | | | ങ്ങളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ പച്ചക്കറികളിലെയും, പഴങ്ങളിലെയും കീടനാശിനികളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം ലാബുകളിൽ ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ്സ്പെക്ട്രോ ഫോട്ടോമീറ്റർ എന്ന ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് രണ്ടു മാസത്തിനകം കീടനാശിനികളുടെ പരിശോധനകൾ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിലും പഴം പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിധ്യം സംബന്ധിച്ച പരിശോധനകൾ അടിയന്തിര ഘട്ടത്തിൽ നടത്താറുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽ നിന്നു തന്നെ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി മൊബൈൽ ലബോറട്ടറികൾ സജ്ജമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ